പതിനാലാം കേരള നിയമസഭ

18-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.906 — 05.02.2020-ൽ മറുപടിക്ക്

## മണൽ ഓഡിറ്റിംഗ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 2018-ലും 2019-ലുമുണ്ടായ പ്രളയത്തിൽ സംസ്ഥാനത്തെ പുഴകളിലും നദികളിലും അടിഞ്ഞുകൂടിയ മണൽ സംബന്ധിച്ച് ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ ; | (എ) | പ്രളയം ബാധിച്ച പെരിയാർ, പമ്പ, മൂവാറ്റുപുഴ, ചാലിയാർ, കടലുണ്ടി, ഇത്തിക്കര, ഭാരതപ്പുഴ എന്നീ നദികളുടെ സാന്റ് ഓഡിറ്റിംഗ് നടത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ഓഡിറ്റിംഗിൽ വെളിവായ വിശദാംശം വ്യക്തമാക്കാമോ; | (ബി) | അന്തിമ സാന്റ് ഓഡിറ്റിംഗ് റിപ്പോർട്ട് ലഭ്യമായതിൽ പെരിയാറിൽ 9.78 ലക്ഷം ക്യൂബിക് മീറ്റർ, ചാലിയാറിൽ 5.40 ലക്ഷം ക്യൂബിക് മീറ്റർ, മൂവാറ്റുപുഴയാറ്റിൽ 1.76 ലക്ഷം ക്യൂബിക് മീറ്ററും മണൽ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്. |
| (സി) മണൽ ഓഡിറ്റിംഗ് നടത്തുന്നതിന് ഏതൊക്കെ ഏജൻസികളെയാണ് നിയോഗിച്ചതെന്നും ഓരോരുത്തർക്കും നൽകിയ ഫീസ് എത്രയായിരുന്ന വെന്നും വിശദമാക്കാമോ? | (സി) | പ്രളയത്തിന് ശേഷം നദികളിൽ മണൽ ആഡിറ്റിംഗ് നടത്തുന്നതിനായി താഴെ പറയുന്ന ഏജൻസികളെയാണ് സർക്കാർ ചുമതല പ്പെടുത്തിയിരിക്കുന്നത്.<br><br>(1) പമ്പ നദി : Cgraf, ഫ്യൂച്ചർ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ്, കേരള സർവ്വകലാശാല, തിരുവനന്തപുരം<br>(2) പെരിയാർ, മൂവാറ്റുപുഴ : ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കോളജിക്കൽ സയൻസസ്, കോട്ടയം<br>(3) ചാലിയാർ : സെന്റർ ഫോർ സോഷ്യൽ ആൻഡ് റിസോഴ്സ് ഡവലപ്പ്മെന്റ്, തൃശ്ശൂർ<br>(4) കടലുണ്ടി : ജിയോടെക്നിക്കൽ എൻജിനിയറിംഗ് ആൻഡ് കൺസൾട്ടൻസി സർവ്വീസസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി<br>(5) ഇത്തിക്കര : ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റൂറൽ ഡവലപ്മെന്റ്, തിരുവനന്തപുരം<br>(6) ഭാരതപ്പുഴ & ചുതപ്പുഴ :<br>(1) ഡിപ്പാർട്ട്മെന്റ് ഓഫ് ജിയോളജി ആൻഡ് എൺവയോൺമെന്റൽ സയൻസ്, ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുട. |

(2) അഗ്രിക്കൾച്ചർ ആൻഡ് ഇക്കോ സിസ്റ്റം മാനേജ്മെന്റ് ഗ്രൂപ്പ്, തിരുവനന്തപുരം

(3) ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, വടകര, കോഴിക്കോട്.

(4) ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്പ്മെന്റ് , തിരുവനന്തപുരം

പമ്പ, പെരിയാർ, മൂവാറ്റുപുഴ, ചാലിയാർ, കടലുണ്ടി എന്നീ നദികളിൽ സാൻഡ് ആഡിറ്റിംഗ് നടത്തുന്നതിന് കിലോമീറ്ററിന് 14000/- രൂപയും ഇത്തിക്കരയുടെ സാന്റ് ആഡിറ്റിംഗ് നടത്തുന്നതിന് കിലോമീറ്ററിന് 10,000/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. അതോടൊപ്പം ഡിജിറ്റൈസേഷൻ നടത്തുന്നതിന് നദി ഒന്നിന് 50,000/- രൂപയും നിശ്ചയിച്ചിട്ടുണ്ട്. ഭാരതപ്പുഴയുടെ സാന്റ് ആഡിറ്റിംഗ് നടത്തുന്നതിന് കിലോമീറ്ററിന് 20,000/- രൂപയും ഡിജിറ്റൈസേഷൻ നടത്തുന്നതിന് ഓരോ നദീഭാഗത്തിനും 50,000/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. ചുതപ്പുഴയുടെ സാന്റ് ആഡിറ്റിംഗ് നടത്തുന്നതിന് കിലോമീറ്ററിന് 11,000/- രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. സാന്റ് ആഡിറ്റിംഗ് നടത്തുന്നതിന്റെ മൊബിലൈസേഷൻ അഡ്വാൻസും രണ്ടാം ഗഡുവും ചേർത്ത് ആകെ 9.32 ലക്ഷം രൂപയാണ് ഇതുവരെ ഏജൻസികൾക്ക് നൽകിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ